## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

05.03.2018-ന് മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 998

## പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.എ.എം. ആരിഫ്<br>,, എം. മുകേഷ്<br>,, ഐ.ബി. സതീഷ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അടുത്ത അധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) 2018-19 അദ്ധ്യയന വർഷത്തിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിലേക്ക് ഒന്നാം വാല്യം 288 ടൈറ്റിലും രണ്ടാം വാല്യം 187 ടൈറ്റിലും മൂന്നാം വാല്യം 66 ടൈറ്റിലുമാണുള്ളത്. ഒന്നാം വാല്യം 288 ടൈറ്റിലുകളിലായി 3.06 കോടി പാഠപുസ്തകങ്ങളാണ് ഇപ്പോൾ അച്ചടിച്ച് വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. നിലവിൽ ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടി 90% പൂർത്തിയായി. മാർച്ച് 10-ാം തീയതിയോടു കൂടി അച്ചടി 100% ആകും. പ്ലസ് ടു പാഠപുസ്തകങ്ങൾ മാർച്ച് മാസം അവസാനത്തോടുകൂടിയും പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാനവാരത്തോടുകൂടിയും വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) സ്കൂളുകളിൽ വിതരണത്തിനായി ഇവ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) 2018-19 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകത്തിന്റെ അച്ചടിയും വിതരണവും കെ.ബി.പി.എസ്സാണ് നിർവ്വഹിച്ചു വരുന്നത്. 3325 സ്കൂൾ സൊസൈറ്റികൾ വഴി 12039 ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾക്കാണ് വിതരണം നടത്തി വരുന്നത്. ഒന്നാം വാല്യം പാഠപുസ്തകങ്ങളുടെ വിതരണം 2018 ജനുവരി 15-ാം തീയതി മുതൽ ആരംഭിച്ചു. |

27.2.2018 വരെ 56% വിതരണം പൂർത്തിയായി. നിലവിൽ കെ.ബി.പി.എസിന്റെ 14 ജില്ലാ ഹബ്ബുകളിൽ നിന്നും അതത് സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുകയും സൊസൈറ്റികളിൽ നിന്നും ഒരാഴ്ചയ്ക്കകം സ്കൂളുകൾ ഇൻഡന്റ് ചെയ്ത പ്രകാരമുള്ള പാഠപുസ്തകങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികളും കൈക്കൊണ്ടുകഴിഞ്ഞു.

സി-ആപ്റ്റ് ഹെഡ് ഓഫീസ്, ഉപകേന്ദ്രങ്ങളും മുഖേന 14 ജില്ലകളിലെയും ഓൺലൈൻ ഇൻഡന്റ് ചെയ്ത സ്കൂളുകൾക്കുള്ള പ്ലസ്ടു പാഠപുസ്തകങ്ങൾ മാർച്ച് 31-ാം തീയതിക്ക് മുമ്പുതന്നെ വിതരണം പൂർത്തിയാക്കുന്നതിനുള്ള തീവ്രശ്രമം നടന്നുവരുന്നു. പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാന വാരത്തോടുകൂടി വിതരണം നടത്തുവാനുള്ള ശ്രമത്തിലാണ്.

(സി) ഇതു സംബന്ധിച്ച സമയക്രമവും വർക്ക് ഓർഡറും പുസ്തക അച്ചടി ചുമതലയുള്ള കെ.ബി.പി.എസ് ന് നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) 03.08.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 2018-19 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടിയും വിതരണവും കെ.ബി.പി.എസിനെ ചുമതലപ്പെടുത്തി ഉത്തരവായി. അതു പ്രകാരം സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റ് സ്വീകരിക്കുന്നതിനായി ഒരു മാസം സമയം നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം നടത്തുന്നതിനുള്ള അന്തിമ പ്രിന്റ് ഓർഡർ 22.12.2017 ൽ കെ.ബി.പി.എസിന് നൽകുകയും ചെയ്തു. 2018-19 അദ്ധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് ചുവടെ ചേർക്കുന്ന ഷെഡ്യൂൾ പ്രകാരമാണ്.

ഒന്നാം വാല്യം - 2018 ഏപ്രിൽ 15
രണ്ടാം വാല്യം - 2018 ആഗസ്റ്റ് 30
മൂന്നാം വാല്യം - 2018 ഒക്ടോബർ 30

(ഡി) അഭിമാനാർഹമായ പ്രസ്തുത നേട്ടം കൈവരിക്കുന്നതിന് എന്തെല്ലാം ഏകോപന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2018-19 അദ്ധ്യയന വർഷം ആരംഭി ക്കുന്നതിന് മുമ്പ് തന്നെ വിദ്യാർത്ഥി കൾക്ക് പാഠപുസ്തകങ്ങൾ എത്തിയ്ക്കുവാ നുള്ള ശ്രമത്തിന്റെ ഭാഗമായി 03.08.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം 2018-19 അദ്ധ്യയന വർഷത്തേക്കുള്ള 1 മുതൽ 10 വരെ ക്ലാസ്സുകളിലെ അച്ചടിയും വിതരണവും കെ.ബി.പി.എസിനെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായി. അതു പ്രകാരം ടി ക്ലാസ്സുകളിലേ ക്കുള്ള പാഠപുസ്തകങ്ങൾ അച്ചടിക്കുവാനുള്ള ടെൻടേറ്റീവ് പ്രിന്റ് ഓർഡർ 16.10.2017-ലെ കത്ത് പ്രകാരം കെ.ബി.പി.എസിന് നൽകുകയുണ്ടായി. തുടർന്ന് 22.11.2017 മുതൽ 18.12.2017 വരെ സ്കൂളുകൾക്കാവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് രേഖപ്പെടു ത്തുവാനുള്ള സമയം അനുവദിക്കുകയും ആയത് പ്രകാരം ലഭിച്ച ഇൻഡന്റിന്റെ അടിസ്ഥാനത്തിൽ 22.12.2017-ന് ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ അച്ചടിക്കും വിതരണത്തിനുമായുള്ള അന്തിമ പ്രിന്റ് ഓർഡർ നൽകുകയും ചെയ്തു. ഒന്നാം വാല്യം പാഠപുസ്തകത്തിന്റെ വിതരണം ജനുവരി 15 മുതൽ കെ.ബി.പി.എസ്സ് ആരംഭിച്ചു. സ്കൂൾ അദ്ധ്യയന വർഷാരംഭത്തിന് 5 മാസം മുമ്പുതന്നെ സ്കൂളുകളിൽ പാഠപുസ്തകങ്ങൾ എത്തിച്ചു തുടങ്ങി. രണ്ടു മുതൽ ഒൻപതുവരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് വർഷാവസാന പരീക്ഷ തീരുന്ന മുറയ്ക്കും ഒൻപതാം ക്ലാസ്സിലെ റിസൾട്ട് വരുന്ന മുറയ്ക്ക് 10-ാം ക്ലാസ്സിലേയും പാഠപുസ്തകങ്ങൾ നൽകുവാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ജില്ലാതലത്തിൽ പാഠപുസ്തക വിതരണം ഏകോപിപ്പിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ കീഴിൽ ഒരു സൂപ്രണ്ടി നെയും രണ്ടു ക്ലാർക്കുമാരേയും വിദ്യാഭ്യാസ ജില്ലാതലത്തിൽ പാഠപുസ്തക വിതരണ ത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന്

ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് നൽകിക്കഴിഞ്ഞു. സംസ്ഥാനതലത്തിൽ പാഠപുസ്തക വിതരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി മൂന്ന് മേഖലയായി തിരിച്ച് രണ്ട് അഡീഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ചാർജ് നൽകിയിട്ടുണ്ട്.

2018-19 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി എല്ലാ നടപടികളും കൈക്കൊണ്ടുകഴിഞ്ഞു.

2018-19 അദ്ധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ്ടു പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റ് മുഖേനയാണ് നടത്തുന്നത്. പ്രസ്തുത വർഷം ഓൺലൈൻ ചെയ്ത സ്കൂളുകൾക്കുള്ള പ്ലസ് ടു പാഠപുസ്തകങ്ങൾ മാർച്ച് 31-ാം തീയതിക്ക് മുമ്പും, പ്ലസ് വൺ പാഠപുസ്തകങ്ങൾ മേയ് മാസം അവസാന വാരത്തോടുകൂടി വിതരണം പൂർത്തീകരിക്കുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിനുവേണ്ടി എല്ലാ ജില്ലകളിലും സി-ആപ്റ്റ് സബ്സെന്ററിലെ ജീവനക്കാർ മുഖേന വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ